**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **05-02-2026 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതിയുടെ പ്രവൃത്തി പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ജില്ലകൾ തിരിച്ച് അറിയിക്കാമോ; | (എ) | നാളിതുവരെ 144901 കെ-ഫോൺ കണക്ഷനുകളാണ് സംസ്ഥാനത്ത് നൽകിയിരിക്കുന്നത്. ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ നാളിതുവരെയായി എത്ര കിലോമീറ്റർ കേബിൾ വലിച്ചിട്ടുണ്ട്; എത്ര പേർക്കാണ് മണ്ഡലത്തിൽ ഇത് വരെ കണക്ഷൻ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ 150 കിലോമീറ്റർ കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ആകെ 1441 കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:<br>i) സൗജന്യ കണക്ഷനുകൾ - 139<br>ii) വാണിജ്യ കണക്ഷനുകൾ - 1069<br>iii) സർക്കാർ ഓഫീസുകൾ / സ്ഥാപനങ്ങൾക്കുള്ള കണക്ഷനുകൾ - 233 |
| (സി) | കെ-ഫോൺ കണക്ഷൻ സൗജന്യമായി ലഭിക്കുന്നതിന് ബി. പി. എൽ. വിഭാഗം പ്രത്യേക അപേക്ഷ നൽകേണ്ടതുണ്ടോ; വിശദമാക്കാമോ? | (സി) | പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. സൗജന്യ കണക്ഷനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകണം. നീല അല്ലെങ്കിൽ പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുള്ളവർക്ക് സൗജന്യ കണക്ഷനായി അപേക്ഷിക്കാവുന്നതാണ്. സൗജന്യ കണക്ഷന് അപേക്ഷിക്കുന്നവരുടെ സൗകര്യത്തിനായി അപേക്ഷ നൽകേണ്ട ഓപ്ഷൻ ആപ്ലിക്കേഷനിലും വെബ് സൈറ്റിലും പ്രത്യേകമായി സൂചിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | ബി.പി.എൽ കണക്ഷനുകൾ | റീട്ടെയിൽ കണക്ഷനുകൾ | സർക്കാർ ഓഫീസുകൾ | മറ്റ് കണക്ഷനുകൾ |
|---|---|---|---|---|
| ആലപ്പുഴ | 581 | 4,331 | 1203 | 267 |
| എറണാകുളം | 993 | 8,772 | 1549 | 221 |
| ഇടുക്കി | 404 | 5,933 | 1194 | 261 |
| കണ്ണൂർ | 853 | 4,185 | 913 | 361 |
| കാസർഗോഡ് | 583 | 1,429 | 2219 | 158 |
| കൊല്ലം | 1453 | 7,115 | 1605 | 268 |
| കോട്ടയം | 471 | 10,100 | 2110 | 379 |
| കോഴിക്കോട് | 964 | 9,210 | 1687 | 283 |
| മലപ്പുറം | 3558 | 21,859 | 2379 | 461 |
| പാലക്കാട് | 1173 | 9,739 | 1970 | 389 |
| പത്തനംതിട്ട | 388 | 2,478 | 1014 | 228 |
| തിരുവനന്തപുരം | 867 | 5,716 | 2187 | 580 |
| തൃശ്ശൂർ | 1220 | 6,542 | 2340 | 342 |
| വയനാട് | 687 | 5,749 | 793 | 187 |
| ആകെ | 14195 | 103,158 | 23163 | 4,385 |
| ആകെ | | | | 1,44,901 |